# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1554 03.05.2017-ൽ മറുപടിക്ക്**

**<u>വർഗ്ഗീയ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. പിണറായി വിജയൻ ( മുഖ്യമന്ത്രി) |
| (എ) വർഗ്ഗീയ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ പത്ത് വർഷമായി കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണവും പ്രതികളുടെ വിവരങ്ങളും കേസ്സ് വിവരങ്ങളും വർഷവും പോലീസ് സ്റ്റേഷൻ തിരിച്ച് നൽകാമോ; | (എ) 429 |
| (ബി) കോടതിയിൽ തീർപ്പാക്കിയ കേസ്സുകൾ ശിക്ഷിച്ച കേസ്സുകൾ, തീർപ്പാക്കാതെ കോടതിയിലുള്ള കേസ്സുകൾ തുടങ്ങിയവയുടെ വിവരങ്ങൾ നൽകാമോ; | (ബി) വർഗ്ഗീയ കേസ്സുകളിൽ ശിക്ഷിച്ച കേസ്സുകൾ : ഇല്ല<br>കോടതിയിൽ നിന്നും തീർപ്പാക്കിയ കേസ്സുകൾ : 37<br>കോടതിയിൽ വിചാരണയിലുള്ള കേസ്സുകൾ : 310<br>പോലീസ് അന്വേഷണം നടത്തി കോടതിയിൽ അയക്കാതെ തീർപ്പാക്കിയ കേസ്സുകൾ : 43<br>അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന കേസുകൾ: 39 |
| (സി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കാസർഗോഡ് ജില്ലയിൽ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നും ഓരോ കൊലപാതകത്തിനും കാരണമെന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;<br>(ഡി) പ്രസ്തുത കേസ്സുകളിലെ പ്രതികളുടെയും ഇരകളുടെയും | (സി) യും (ഡി) യും വർഗ്ഗീയ കൊലപാതകങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും അടക്കം 158 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. വർഗ്ഗീയ കൊലപാതകങ്ങൾക്ക് കാരണം ഇരു മതക്കാർ തമ്മിലുള്ള വിരോധമാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ രാഷ്ട്രീയ ശത്രുതകൊണ്ടും മറ്റു കൊലപാതകങ്ങൾ മരണപ്പെട്ടയാളും |

| | | | |
|---|---|---|---|
| | സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം എന്താണെന്ന് വ്യക്തമാക്കാമോ; | | പ്രതികളും തമ്മിലുള്ള മുൻ വിരോധം, സ്വത്ത് തർക്കം, കുടുംബ പ്രശ്നങ്ങൾ തുടങ്ങിയ കാരണങ്ങളാലും നടന്നതാണ്. |
| (ഇ) | പ്രസ്തുത കൊലപാതകക്കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടതും വെറുതെ വിട്ടതുമായ കേസ്സുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഇ) യും (എഫ്) ഉം | ശിക്ഷിക്കപ്പെട്ടത് - 16, വെറുതെ വിട്ടത് - 27, 3 കേസ്സുകളിൽ മാത്രമേ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ചിരുന്നുള്ളൂ. |
| (എഫ്) | ഈ കേസ്സുകളിൽ പ്രതികൾക്കു വേണ്ടി ഹാജരായ അഭിഭാഷകർ ആരെല്ലാമായിരുന്നു; സ്പെഷ്യൽ പ്രോസിക്യൂട്ടർ ഉണ്ടായിരുന്നുവെങ്കിൽ ഏതെല്ലാം കേസ്സുകളിൽ ആരെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**